**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ: ജാഫർ മലിക് IAS)**

**തിരുവനന്തപുരം**

**ഉത്തരവ് നം.: E5-6104/19.** **തീയതി: 25.05.2019**

---

വിഷയം: സാമൂഹ്യനീതി വകുപ്പ്- കേരള നിയമസഭയുടെ 14- ാം നിയമസഭയുടെ 15- ാം സമ്മേളനം - നോഡൽ ഓഫീസറായി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.കെ.വി.സുഭാഷ്കുമാർ-നെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: സർക്കാർ കത്ത് നം.194/E2/2019-SJD തീയതി: 18.05.2019.

14- ാം കേരള നിയമസഭയടെ 15- ാം സമ്മേളനം 2019 മേയ് 27 മുതൽ ജൂലൈ 5 വരെ ചേരുകയാണ്. വകുപ്പുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് സർക്കാരിൽ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു സീനിയർ ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തേണ്ടതായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2019 മേയ് 27 മുതൽ ജൂലൈ 5 വരെ ചേരാൻ പോകുന്ന നിയമസഭാ സമ്മേളനത്തിൽ വകുപ്പുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യങ്ങൾക്ക് സർക്കാരിലേക്ക് മറുപടി നൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.സുഭാഷ്കുമാർ.കെ.വിയെ നോഡൽ ഓഫീസറായി നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൂടാതെ നിയമസഭാ ചോദ്യങ്ങൾ യഥാസമയം അതാത് സെക്ഷനുകളിൽ ലഭ്യമാക്കി മറുപടി സർക്കാരിലേയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി ഉപ നോഡൽ ഓഫീസർമാരായി ജി.സെക്ഷൻ സൂപ്രണ്ട് ശ്രീ.സ്റ്റീഫൻ.പി, ശ്രീ.ബൈജു.ഡി, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് എന്നിവരെയും നിയോഗിച്ചുകൊണ്ട് ഉത്തരവാകുന്നു.

നിയമസഭാ സമ്മേളന കാലയളവിൽ വകുപ്പിലെ എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും, ടി ഓഫീസുകളിലെ സീനിയർ സൂപ്രണ്ടുമാരും, സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ജീവനക്കാരും, സാമൂഹ്യനീതി ഡയറക്ടറുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ അവധിയിൽ പ്രവേശിക്കാൻ പാടുള്ളു. നിർദ്ദേശം പാലിക്കാത്ത ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

*പകർപ്പ്:*

1. ഗവ. സെക്രട്ടറി (ആമുഖ കത്ത് സഹിതം)
2. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
3. എല്ലാ സെക്ഷൻ മേധവികൾക്കും.
4. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
5. സ്റ്റോക്ക് ഫയൽ/ സ്പെയർ.

**ഉത്തരവിൻപ്രകാരം**

**സൂപ്രണ്ട്**

*db@*